**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - നോർത്ത് പറവൂർ എസ്.എൻ.വി സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ കാലതാമസം നേരിട്ടതിൽ ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.1254/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.06.2019

---

പരാമർശം:- 1. നോർത്ത് പറവൂർ എസ്.എൻ.വി. സംസ്കൃതം എച്ച്.എസ്.എസ് മാനേജരുടെ തീയതി വയ്ക്കാത്ത അപേക്ഷ.

2 പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11.02.2019 ലെ ആർ.എ 2/20476/2018/ഡി.പി.ഐ നമ്പർ കത്ത്.

3 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.05.2019 ലെ ഡി.ബി5/9495/2005/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നോർത്ത് പറവൂർ എസ്.എൻ.വി സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ കാലതാമസം നേരിട്ടതിൽ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2010-ൽ പൂർത്തിയായെങ്കിലും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നില്ലായെന്ന കാര്യം 2017-18 വരെ ശ്രദ്ധയിൽപ്പെടാതിരുന്നതിനാൽ തസ്തിക നിർണ്ണയത്തിന് പ്രസ്തുത കെട്ടിടം പരിഗണിച്ച വന്നിരുന്നുയെന്നും, സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായ ഉടൻ സ്കൂൾ മാനേജ്മെന്റിൽ മാറ്റം ഉണ്ടായതാണ് ടി കെട്ടിടത്തിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെടാൻ കഴിയാതെ പോയതെന്നും സ്കൂൾ മാനേജർ ബോധിപ്പിക്കുകയുണ്ടായി.

2. ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല എന്ന് മനസ്സിലാക്കിയതിന് ശേഷം പുറപ്പെടുവിച്ച 2017-18 ലെ തസ്തിക നിർണ്ണയ ഉത്തരവിലൂടെ 2012-13 മുതൽ അനുവദിച്ച 6 അഡീഷണൽ ഡിവിഷനുകളും 7 തസ്തികകളും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റദ്ദാക്കുകയുണ്ടായി. എന്നാൽ സ്കൂൾ കെട്ടിടത്തിന് 27.09.2017-നാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചത്. ഇതെത്തുടർന്ന്, 2018-19 അദ്ധ്യയന വർഷത്തേക്ക് പുതിയ കെട്ടിടം പരിഗണിച്ച് എല്ലാ ഡിവിഷനുകളും അനുവദിച്ചിട്ടുണ്ട്. ആയതിനാൽ, 2010-ൽ പണിപൂർത്തിയാക്കിയ കെട്ടിടത്തിന് ഫിറ്റ്നസ്സ് ലഭ്യമാക്കാൻ വൈകിയതിന് ഇളവ് അനുവദിച്ചുകൊണ്ട്, 2012-13 മുതൽ 2015-16 വരെ അനുവദിച്ച ഡിവിഷനുകളും തസ്തികകളും നിലനിർത്തണമെന്നും, 2016-17, 2017-18 എന്നീ വർഷങ്ങളിലും അർഹതപ്പെട്ട ഡിവിഷനുകളും അനുവദിക്കണമെന്നും സ്കൂൾ മാനേജർ ആവശ്യപ്പെടുകയുണ്ടായി.

3. ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് വാങ്ങാൻ വൈകിയതിന് ഇളവനുവദിക്കാൻ സർക്കാർ തലത്തിൽ മാത്രമേ സാധിക്കുകയുള്ളുയെന്നും, പ്രസ്തുത ഇളവ് ലഭ്യമായാൽ മാത്രമേ തസ്തികകൾക്കും ഡിവിഷനുകൾക്കും അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂയെന്നും ഇക്കാര്യത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. 2010 വർഷത്തിൽ നഗരസഭയുടെ അനുമതി കൂടാതെ സ്കൂൾ നിർമ്മാണം പൂർത്തികരിച്ചെങ്കിലും, ടി കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ അധികൃതർ അപേക്ഷിച്ചിട്ടില്ലായിരുന്നു. തുടർന്ന് അനുമതി കൂടാതെയുള്ള നിർമ്മാണം നഗരസഭ കണ്ടെത്തിയതിനാൽ ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിന് സ്കൂൾ അധികൃതർക്ക് നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ഇതിൻപ്രകാരം സ്കൂൾ അധികൃതരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂപ്പർവിഷൻ ഫീസ് ഈടാക്കി 27.09.2017-ന് നഗരസഭ അസി.എക്സി.എഞ്ചിനീയർ സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുകയുണ്ടായി. 2010 മുതൽ 2017 വരെയുള്ള കാലയളവിൽ സ്കൂൾ അധികൃതർ ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ അതാത് കാലഘട്ടത്തിൽ സമർപ്പിച്ചിരുന്നില്ല എന്നും ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നോർത്ത് പറവൂർ എസ്.എൻ.വി സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ മാനേജരുടെ അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം, ഇക്കാര്യം പ്രത്യേക കേസായി പരിഗണിച്ച്, 2010 മുതൽ 2017 വരെയുള്ള കാലയളവിൽ സ്കൂളിന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിൽ കാലതാമസം നേരിട്ടതിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ എബ്രഹാം**

**അഡീഷണൽ സെക്രട്ടറി**

1 മാനേജർ, എസ്.എൻ.വി സംസ്കൃതം ഹയർ സെക്കണ്ടറി സ്കൂൾ, നോർത്ത് പറവൂർ, എറണാകുളം.
2 പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. അസി.എക്സി.എഞ്ചിനീയർ, നോർത്ത് പറവൂർ മുനിസിപ്പാലിറ്റി, എറണാകുളം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
6. പൊതു വിദ്യാഭ്യാസ (എഫ്) വകുപ്പ് *(ഫയൽ നം. എഫ്3/357/2018/പൊ.വി.വ പ്രകാരം)*
7 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ